**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1139.** **30.11.2018 ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയുടെ നിരോധിത ലഹരി വസ്തുക്കളാണ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉദ്ദേശം 1000 കോടി രൂപയുടെ നിരോധിത ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തിട്ടുള്ളത്. കഞ്ചാവ് - 3567 കിലോഗ്രാം, കഞ്ചാവ് ചെടികൾ - 1752, ഹാഷിഷ് - 80.352 കിലോഗ്രാം, ബ്രൗൺ ഷുഗർ- 303 ഗ്രാം, ഹെറോയിൻ-376 ഗ്രാം, എം.ഡി.എം.എ.- 43.135 കിലോഗ്രാം, എൽ.എസ്.ടി-274 എണ്ണവും, കൊക്കയിൻ-11 ഗ്രാം, ചരസ്-116 ഗ്രാം, ഒപ്പിയം- 5 കിലോഗ്രാം, മറ്റ് ലഹരി മരുന്ന് ഗുളികകൾ- 30,000-ത്തോളം എന്നിവയാണ് പിടിച്ചെടുത്തിട്ടുള്ളത്. |
| (ബി) | ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാന |

| | | | |
|---|---|---|---|
| | | | ങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br><br>കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഓരോ ഡീ അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ കോഴിക്കോട് കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിയും പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**